**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3205** **07-10-2025 - ൽ മറുപടിയ്ക്ക്**

**കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. കെ. ടി. ജലീൽ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കളിക്കളങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും പരിപാലനത്തിനുമായി കായിക വകുപ്പിനു കീഴിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | കായിക യുവജനകാര്യാലയത്തിന് കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന കായിക എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവൃത്തി പരിചയവും വൈദഗ്ധ്യവും കണക്കിലെടുത്ത് വിവിധ കായിക നിർമ്മിതികൾക്കായി കായിക യുവജനകാര്യ വകുപ്പിന് കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചു കൊണ്ട് 26.02.2021 ലെ സ.ഉ.(കൈ) നം. 6/2021/കായുവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷന്റെ കീഴിൽ എഞ്ചിനീയറിംഗ് വിഭാഗവും, ഓപ്പറേഷൻ വിഭാഗവുമാണ് പ്രവർത്തിച്ചുവരുന്നത്. സംസ്ഥാനത്തെ വിവിധ കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ നിർമ്മാണവും, മെയിന്റനൻസും സ്പോർട്സ് കേരള ഫൗണ്ടേഷന്റെ എഞ്ചിനീയറിംഗ് വിഭാഗം മുഖേനയാണ് നടപ്പിലാക്കി വരുന്നത്. |
| (ബി) | നിലവിൽ എത്ര കളിക്കളങ്ങളും സ്റ്റേഡിയങ്ങളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി പരിപാലനത്തിനായി ഏറ്റെടുത്തിട്ടുണ്ടെന്നും ഇതിനാവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്പോർട്സ് കേരള ഫൗണ്ടേഷന് ചുവടെ പറയുന്ന സ്റ്റേഡിയങ്ങൾ, ഫിറ്റ്നസ് സെന്ററുകൾ എന്നിവയുടെ മേൽനോട്ടവും പരിപാലനത്തിനുമായി കൈമാറി നൽകിയിട്ടുണ്ട്.<br><br>1. ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബ് (ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ജിംനാസ്റ്റിക്സ്<br><br>2. വട്ടിയൂർക്കാവ് ഷൂട്ടിംഗ്റേഞ്ച് (ഷൂട്ടിംഗ്റേഞ്ച്, ടേബിൾ ടെന്നീസ് കോർട്ട്, ഫിറ്റ്നസ് സെന്റർ)<br><br>3. കുമാരപുരം ടെന്നീസ് അക്കാദമി, തിരുവനന്തപുരം<br><br>4. തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം, കണ്ണൂർ |

| | | | |
|---|---|---|---|
| | | | 5. ധർമ്മടം അബുചാത്തുക്കുട്ടി സ്റ്റേഡിയം, കണ്ണൂർ<br><br>6. നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം, കാസർഗോഡ്<br><br>7. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, കോന്നി, പത്തനംതിട്ട<br><br>8. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, പാല, കോട്ടയം<br><br>9. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, മാവേലിക്കര, ആലപ്പുഴ<br><br>10. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ചിറ്റൂർ, പാലക്കാട്<br><br>11. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, കോട്ടപ്പടി, മലപ്പുറം<br><br>12. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ഒളവണ്ണ, കോഴിക്കോട്<br><br>13. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ആന്തൂർ, കണ്ണൂർ<br><br>മേൽ പറഞ്ഞിട്ടുള്ള സ്റ്റേഡിയങ്ങളുടെയും മറ്റ് വെന്യൂകളുടെയും മേൽനോട്ടത്തിനും പരിപാലനത്തിനുമായി ആവശ്യമുള്ള ജീവനക്കാരെ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന കരാർ അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സംവിധാനത്തിന്റെ നിലവിലെ മറ്റ് പ്രവർത്തനങ്ങളും സാമ്പത്തിക സ്ഥിതി സംബന്ധിച്ച വിവരങ്ങളും വിശദമാക്കുമോ? | (സി) | സ്പോർട്സ് കേരള ഫൗണ്ടേഷന്റെ ഭരണപരമായ ചെലവുകൾക്കായി 60 ലക്ഷം രൂപ വീതം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്നുണ്ട്. കിഫ്ബി പദ്ധതികൾ, കായിക വകുപ്പിന്റെ പദ്ധതികൾ, എം.എൽ.എ ആസ്തി വികസന പദ്ധതികൾ, മറ്റ് സർക്കാർ-അർദ്ധ സർക്കാർ വകുപ്പുകളുടെ പദ്ധതികൾ എന്നിവ നടപ്പിലാക്കുമ്പോൾ ലഭിക്കുന്ന സെൻറേജ് ചാർജിൽ നിന്നാണ് സ്പോർട്സ് കേരള ഫൗണ്ടേഷന്റെ ജീവനക്കാരുടെ ശമ്പളവും മറ്റ് ദൈനംദിന ചെലവുകളും കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ